കേരളസർവകലാശാല

നം.പി.ആർ.248/2020

# പത്രക്കുറിപ്പ്

## ഒന്നാംവർഷ ബി.എഡ്. പ്രവേശനം 2020
## ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2020–22 അദ്ധ്യയന വർഷത്തിലെ ബി.എഡ്. കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (For General categoty Rs.1130/- and for SC/ST category Rs.230/-) ഒടുക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ നിന്നും ലഭിക്കും. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 15, 16, 17 തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കണം.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## നിയമ ബിരുദ കോഴ്സുകളുടെ ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടേയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾ (2016 അഡ്മിഷൻ), പഞ്ചവത്സര നിയമ വിദ്യാർത്ഥികൾ (2014 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും ഇന്റേണൽ മാർക്ക് 10 – ൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

ഒരു പേപ്പറിന് 525/– രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/– രൂപ അടയ്ക്കേണ്ടതാണ്. ഇതിൽ 105/– രൂപ സർവകലാശാല ഫണ്ടിൽ (കെ.യു.എഫ്.) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2021 ജനുവരി 8 നോ അതിനുമുമ്പോ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും മറ്റ് വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തിയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## പിഎച്.ഡി. എൻട്രൻസ് പരീക്ഷ

കേരളസർവകലാശാലയുടെ ഈ വർഷത്തെ പിഎച്.ഡി. എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കുള്ള പ്രവേശന പരീക്ഷ ഡിസംബർ 20 ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടത്തും മറ്റു ഹാളുകളിലുമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. പരീക്ഷയുടെ ഹാൾടിക്കറ്റ് അവരവരുടെ ഓൺലൈൻ പോർട്ടൽ മുഖേന ഡൗൺലോഡ് ചെയ്യാവുന്നതാണ്. Userid – Application number, Password: Date of Birth കൂടുതൽ വിവരങ്ങൾക്ക് 0471 – 2386484 എന്ന നമ്പറിലും academic.b1@gmail.com എന്ന ഇ-മെയിൽ വഴിയും ബന്ധപ്പെടാവുന്നതാണ്. എക്സാം സെന്റ റിനു അടുത്തുള്ള റെയിൽവേ സ്റ്റേഷൻ – കഴക്കൂട്ടം, എക്സാം സെന്ററിനു അടുത്തുള്ള ബസ് സ്റ്റോപ്പ് – കാര്യവട്ടം.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എൽ. പരീക്ഷാഫലം പ്രസിദ്ധീകരി ച്ചു. സൂക്ഷ്മപരിശോധനയക്കുള്ള അപേക്ഷകൾ ഡിസംബർ 22 ന് മുൻപ് സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ (ഫിലോസഫി, സംസ്കൃതം ലാംഗേ്വജ് ആന്റ് ലിറ്ററേച്ചർ, അറബിക് ലാംഗേ്വജ് ആന്റ് ലിറ്ററേച്ചർ), എം.എസ്.സി. സുവോളജി എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2020 സെപ്റ്റംബറിൽ നടത്തിയ അവസാന വർഷ എം.പി.ഇ. ഡിഗ്രി പരീക്ഷയുടെ ടൈംടേ ബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കെ.യു.സി.റ്റി.ഇ. തേവള്ളി മൂല്യനിർണ്ണയ ക്യാമ്പിന് അവധി

കെ.യു.സി.റ്റി.ഇ. തേവള്ളിയിൽ പ്രവർത്തിച്ചുവരുന്ന മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് തദ്ദേശ സ്വയംഭരണ വോട്ടെണ്ണൽ പ്രമാണിച്ച് ഡിസംബർ 16 ന് അവധി ആയിരിക്കും.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**14.12.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**